ഉത്തരം

(എ) പ്രകൃതിവാതകം ഇപ്പോൾ കേരളത്തിൽ ലഭ്യമല്ലാത്തതിനാൽ തൽക്കാലം ആലോചിക്കുന്നില്ല.

(ബി) ഇല്ല.

(സി) പ്രകൃതിവാതകം ഉപയോഗിക്കുന്നതുകൊണ്ട് ചെലവ് കുറയുന്നതായാണ് മറ്റു സംസ്ഥാനങ്ങളിൽ നടത്തിയ പഠനങ്ങളിൽനിന്നും മനസ്സിലാക്കുന്നത്.

(ഡി) ഇല്ല.

(ഇ) അല്ല. പ്രകൃതിവാതകം ലഭ്യമല്ലാത്തതിനാൽ ഇക്കാര്യം പരിഗണിച്ചിട്ടില്ല.

(എഫ്) ഇല്ല.

ജില്ലാ സഹകരണ ബാങ്കുകൾ നൽകുന്ന വിദ്യാഭ്യാസ വായ്പ

2 [202] *ശ്രീ. ആർ. ബാലകൃഷ്ണപിള്ള:*

,, *ഷിബു ബേബി ജോൺ:*

,, *ജോണി നെല്ലൂർ:*

,, *കെ. ബി. ഗണേഷ്കുമാർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ സഹകരണ ബാങ്കുകൾ വിദ്യാഭ്യാസ വായ്പകൾ ഈട് കൂടാതെ നൽകണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇതനുസരിച്ച് ഓരോ ജില്ലാ ബാങ്കും എന്തു തുകവീതം നൽകിയിട്ടുണ്ട്;

(സി) ഇപ്രകാരം നൽകിയ തുക ആകെയുള്ള നിക്ഷേപത്തിന്റെ എത്ര ശതമാനം വരും;

(ഡി) വിദ്യാഭ്യാസ വായ്പ നൽകാൻ നിർദ്ദേശം നൽകിയിട്ടില്ലെങ്കിൽ ഈടില്ലാതെ പൊതുവിദ്യാഭ്യാസത്തിനും ഉന്നത വിദ്യാഭ്യാസത്തിനും വായ്പ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇല്ല. എന്നിരുന്നാലും തിരുവനന്തപുരം, ആലപ്പുഴ ബാങ്കുകൾ സ്വന്തം നിലയിൽ ഈടില്ലാതെ വിദ്യാഭ്യാസ വായ്പ നൽകിയിട്ടുണ്ട്. ഇപ്പോൾ തിരുവനന്തപുരം വായ്പ നൽകുന്നത് നിർത്തിവച്ചിട്ടുണ്ട്.

(ബി) & (സി) ബാധകമല്ല.

(ഡി) ഭാരതീയ റിസർവ്വ് ബാങ്കിന്റെ നിർദ്ദേശപ്രകാരമുള്ള വിദ്യാഭ്യാസ വായ്പാ പദ്ധതി ജില്ലാ സഹകരണ ബാങ്കുകൾക്കും ബാധകമാക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

ഹജ്ജ് തീർത്ഥാടകർക്കുള്ള താമസ സൗകര്യം

3 [203] *ശ്രീ. സി. മോയിൻകുട്ടി:*

,, *ചെർക്കളം അബ്ദുള്ള:*

,, *പി. കെ. കെ. ബാവ:*

,, *ടി. പി. എം. സാഹിർ:*

,, *പി. കെ. അബ്ദുറബ്ബ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം സംസ്ഥാനത്തുനിന്നും എത്ര പേരെയാണ് ഹജ്ജിന് അയയ്ക്കുന്നത്;

(ബി) പരിശുദ്ധ ഹറമിനടുത്ത് എല്ലാവർക്കും താമസ സൗകര്യം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) ഈ വർഷം സംസ്ഥാനത്തിന് അനുവദിച്ച കവാട്ട 4552 ആകുന്നു. ഇതര സംസ്ഥാനങ്ങളിൽ അവരുടെ കവാട്ടയെക്കാൾ അപേക്ഷകൾ കുറവാണെങ്കിൽ കേരളത്തിന് അഡീഷണൽ കവാട്ട അനുവദിച്ചുകിട്ടാറുണ്ട്. ഈ വർഷത്തെ അഡീഷണൽ കവാട്ട അനുവദിച്ചുകിട്ടിയതിനുശേഷമേ ഈ വർഷം സംസ്ഥാനത്തുനിന്നും എത്ര പേരെയാണ് ഹജ്ജിന് അയയ്ക്കുകയെന്നത് വ്യക്തമാകുകയുള്ളൂ.

(ബി) ഹാജിമാരുടെ ആവശ്യാനുസരണം I, II, III A, III B എന്നിങ്ങനെ 4 കാറ്റഗറി പ്രകാരമാണ് ഈ വർഷം ഹാജിമാർക്ക് താമസസൗകര്യം ഏർപ്പെടുത്തുന്നത്. I കാറ്റഗറി പ്രകാരമുള്ള താമസസൗകര്യം ആവശ്യപ്പെടുന്ന എല്ലാ ഹജ്ജ് തീർത്ഥാടകർക്കും പരിശുദ്ധ ഹറമിനടുത്ത് 600 മീറ്റർ പരിധിക്കുള്ളിൽ താമസസൗകര്യം ഏർപ്പെടുത്തുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly